ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1076

# സൂറ – 35 / ഫാത്വിർ

## സൂക്തം: 29 – 31

മനുഷ്യർ തമ്മിലുള്ള കൊള്ളലും കൊടുക്കലും രഹസ്യമായി നടത്തേണ്ടതും പരസ്യമായി നടത്തേണ്ടതുമുണ്ട്. ജ്ഞാനികൾ രഹസ്യമായി നടത്തേണ്ട ഇടപാടുകൾ രഹസ്യമായിത്തന്നെ നടത്തുന്നു. പരസ്യമായി നടത്തേണ്ടവ അങ്ങനെയും. സമ്പത്തിന്റെ ദാനം രഹസ്യമാക്കുന്നതാണ് പൊതുവിൽ നല്ലത്. ഗുണഭോക്താവിന് ദാതാവിനോടുള്ള ആശ്രിതത്വം മറ്റുള്ളവർ അറിയാതിരിക്കാനും അയാളുടെ അഭിമാനത്തിന് പോറലേൽക്കാതിരിക്കാനും അതാണ് ഉചിതം.

إِنَّ ٱلَّذِينَ يَتْلُونَ كِتَٰبَ ٱللَّهِ وَأَقَامُوا۟ ٱلصَّلَوٰةَ وَأَنفَقُوا۟
مِمَّا رَزَقْنَٰهُمْ سِرًّا وَعَلَانِيَةً يَرْجُونَ تِجَٰرَةً لَّن
تَبُورَ ﴿٢٩﴾
لِيُوَفِّيَهُمْ أُجُورَهُمْ وَيَزِيدَهُم مِّن فَضْلِهِۦٓ ۚ إِنَّهُۥ
غَفُورٌ شَكُورٌ ﴿٣٠﴾

29. അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്തുകൊണ്ടിരിക്കുകയും നിഷ്ഠയോടെ പ്രാർഥിക്കുകയും നാം നൽകിയ വിഭവങ്ങൾ രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും ചെയ്യുന്ന ജ്ഞാനികൾ ഒരിക്കലും നഷ്ടപ്പെടാത്ത കച്ചവടം പ്രതീക്ഷിക്കുകയാകുന്നു.

30. അല്ലാഹു അവരർഹിക്കുന്ന കർമഫലം പൂർത്തീകരിച്ചുകൊടുക്കുന്നതിനും പുറമെ അവന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് വർധിപ്പിച്ചുകൊടുക്കുന്നതിനുമത്രെ അത്. തീർച്ചയായും അല്ലാഹു ഏറെ മാപ്പരുളുന്നവനും മൂല്യം മാനിക്കുന്നവനുമാകുന്നു.

**29,30**

إِنَّ ٱلَّذِينَ يَتْلُونَ كِتَٰبَ ٱللَّهِ = അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുന്നവർ (ചെയ്തുകൊണ്ടിരിക്കുകയും)

وَأَقَامُوا۟ ٱلصَّلَوٰةَ = നമസ്കാരം നിലനിർത്തിയവരും (നിഷ്ഠയോടെ പ്രാർഥിക്കുകയും)

وَأَنفَقُوا۟ = ചെലവഴിച്ചവരും (ചെലവഴിക്കുകയും ചെയ്യുന്ന ജ്ഞാനികൾ)

مِمَّا رَزَقْنَٰهُمْ = നാം അവർക്ക് നൽകിയ വിഭവങ്ങളിൽനിന്ന് سِرًّا وَعَلَانِيَةً = രഹസ്യമായും പരസ്യമായും

يَرْجُونَ = അവർ ആഗ്രഹിക്കുന്നു, പ്രതീക്ഷിക്കുകയാകുന്നു تِجَٰرَةً = ഒരു കച്ചവടം

لَّن تَبُورَ = ഒരിക്കലും നഷ്ടപ്പെടാത്ത لِيُوَفِّيَهُمْ = അവൻ (അല്ലാഹു) അവർക്കു പൂർത്തീകരിച്ചുകൊടുക്കുന്നതിന്

أُجُورَهُمْ = അവരുടെ (അർഹിക്കുന്ന) കർമഫലം

وَيَزِيدَهُم = (അത്) (പുറമെ) അവർക്കു വർധിപ്പിച്ചുകൊടുക്കുന്നതിനുമത്രെ مِّن فَضْلِهِۦٓ = അവന്റെ അനുഗ്രഹത്തിൽനിന്ന്

إِنَّهُۥ غَفُورٌ شَكُورٌ = തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും (മാപ്പരുളുന്നവനും) ഏറെ നന്ദിയുള്ളവനും (മൂല്യം മാനിക്കുന്നവനും) ആകുന്നു

അദൃശ്യനായ അല്ലാഹുവിനെ ഭയപ്പെടുന്നവർക്കും പ്രാർഥനാ നിഷ്ഠയുള്ളവർക്കും മാത്രമേ തത്ത്വോപദേശങ്ങളും ധർമപ്രബോധനങ്ങളും പ്രയോജനപ്പെടുകയുള്ളൂ എന്ന് 18-ാം സൂക്തത്തിലും ജ്ഞാനികൾ മാത്രമേ അല്ലാഹുവിനെ ഭയപ്പെടൂ എന്ന് 28-ാം സൂക്തത്തിലും പ്രസ്താവിച്ചിട്ടുണ്ടല്ലോ. അത്തരം ആളുകളുടെ ജീവിതചര്യ, അഥവാ അവരിൽ തെളിഞ്ഞുകാണുന്ന ദൈവഭക്തിയുടെ ലക്ഷണങ്ങൾ വിവരിക്കുകയാണ്: അല്ലാഹു അവതരിപ്പിച്ച വേദം ആവർത്തിച്ചു വായിച്ചുകൊണ്ടിരിക്കുകയാണ് ഒന്നാമത്തെ ലക്ഷണം. സാധാരണ പുസ്തകങ്ങൾ ഒന്നോ രണ്ടോ വട്ടം വായിച്ച് ഉള്ളടക്കം ഗ്രഹിച്ചു കഴിഞ്ഞാൽ പിന്നെ വായിക്കാൻ തോന്നുകയില്ല. അസാധാരണമാംവണ്ണം ഗഹനമോ, അല്ലെങ്കിൽ രസകരമോ ആണെങ്കിൽ അഞ്ചോ പത്തോ തവണ വായിച്ചെന്നിരിക്കും. വേദപാരായണത്തിന്റെ അവസ്ഥ അതല്ല. വിശ്വാസിയെ സംബന്ധിച്ചേടത്തോളം അത് നിത്യജീവിതത്തിന്റെ ഭാഗമാകുന്നു. ഇതിനു രണ്ടു കാരണമുണ്ട്; ഒന്ന്, വേദപാരായണം സ്വയം ഒരു ദൈവാരാധനയാകുന്നു. അർഥമറിയാതെ വേദമോതുന്നതുപോലും പുണ്യകർമമാണ്. അർഥം മനസ്സിലാകുന്നില്ലെങ്കിലും അല്ലാഹുവിന്റെ വചനങ്ങളാണ് എന്ന ബോധത്തോടെ വേദം വായിക്കുമ്പോൾ ഹൃദയം വിമലീകൃതവും ഭയഭക്തിമയവുമാകുന്നു. രണ്ട്, ആവർത്തിച്ചുള്ള വേദപാരായണം ജ്ഞാനം വർധിപ്പിച്ചുകൊണ്ടേയിരിക്കും. ഓരോ പാരായണവും വിശ്വാസിയിൽ പുതിയ അറിവുകളും അനുഭൂതികളും ആശയങ്ങളും ഉളവാക്കുന്നു. വേദവചനങ്ങളുടെ കേവലമായ ഉച്ചാരണംകൊണ്ട് ജ്ഞാനവികാസം ഉണ്ടാവുകയില്ല. അതിനു വേദസന്ദേശത്തിന്റെ ആഴങ്ങളിലുള്ള മുത്തുകൾക്കു വേണ്ടി നിരന്തരം മുങ്ങിത്തപ്പിക്കൊണ്ടിരിക്കണം. ആഴിയുടെ ആഴങ്ങളിലെത്തുന്നവർക്കേ മുത്തുകൾ കിട്ടൂ. ഈ മുങ്ങിത്തപ്പലാണ് ഖുർആൻ ഉപദേശിക്കുന്ന തദബ്ബുറുൽ ഖുർആൻ.

وَلَقَدْ يَسَّرْنَا ٱلْقُرْءَانَ لِلذِّكْرِ فَهَلْ مِن مُّدَّكِرٍ

(ഈ ഖുർആൻ നാം ജനങ്ങളുടെ ഉദ്ബോധനാർഥം ലളിതമാക്കിയിരിക്കുന്നു. ഉദ്ബുദ്ധരാവാൻ താൽപര്യമുള്ളവരുണ്ടോ? -54:17).

أَفَلَا يَتَدَبَّرُونَ ٱلْقُرْءَانَ أَمْ عَلَىٰ قُلُوبٍ أَقْفَالُهَآ

(അവർ ഈ ഖുർആൻ ആഴത്തിൽ പഠിക്കുന്നില്ലയോ, അതല്ല അവരുടെ ഹൃദയങ്ങളിൽ താഴിട്ടിരിക്കുകയാണോ? -47:24). താഴിട്ട മനസ്സുകളെ വേദപാരായണം ആർദ്രമാക്കുകയില്ല. അത് ചേമ്പിലയിൽ വീഴുന്ന വെള്ളംപോലെ പുറത്തേക്കൊഴുകിപ്പോവുകയേ ഉള്ളൂ. ബോധപൂർവം ജ്ഞാനം തേടി വായിക്കുന്ന വിശ്വാസികൾക്കാണ് അത് പുതിയ അറിവുകളും അനുഭൂതികളും മനസ്സംസ്കരണവും പ്രദാനം ചെയ്യുക.

നിഷ്ഠയോടെ പ്രാർഥിക്കുക എന്നതാണ് രണ്ടാമത്തെ ലക്ഷണം. أَقَامُوا۟ ٱلصَّلَوٰةَ ഇസ്ലാമിന്റെ സാങ്കേതിക ഭാഷയിൽ നിർദിഷ്ട ചിട്ടകളും ചട്ടങ്ങളുമനുസരിച്ചുള്ള നമസ്കാരശീലം നിലനിർത്തലാണ്. ഈ സൂക്തം അവതരിക്കുന്ന കാലത്ത് നമസ്കാരത്തിന് കൃത്യമായ മുറ നിശ്ചയിക്കപ്പെട്ടിരുന്നില്ല. എങ്കിലും നമസ്കാരം കൽപിക്കപ്പെട്ടിരുന്നു. നബി(സ) അതിന്റെ രൂപം ശിഷ്യന്മാരെ പഠിപ്പിക്കുകയും ചെയ്തിരുന്നു. അവരിൽ അതനുസരിച്ചുള്ള നമസ്കാര ശീലം വളർന്നു. സംഘടിതവും വ്യവസ്ഥാപിതവുമായ നമസ്കാരക്രമം മദീനയിലാണ് ആരംഭിച്ചത്. പൂർവപ്രവാചകന്മാരും നമസ്കാരം പ്രബോധനം ചെയ്യുകയും അവരുടെ വിശ്വാസികൾ അതനുഷ്ഠിക്കുകയും ചെയ്തിരുന്നു. ഓരോ പ്രവാചകനും നടപ്പിലാക്കിയ നമസ്കാരം അവരോട് അല്ലാഹു അനുശാസിച്ചതും അന്നത്തെ സാമൂഹിക സാഹചര്യത്തിനിണങ്ങുന്നതുമായ രൂപത്തിലായിരുന്നു. ദൈവകൽപന പ്രകാരം ഇബ്റാഹീം (അ) സ്ഥാപിച്ച പള്ളിയാണ് കഅ്ബഃ.

وَطَهِّرْ بَيْتِىَ لِلطَّآئِفِينَ وَٱلْقَآئِمِينَ وَٱلرُّكَّعِ ٱلسُّجُودِ

(ഇബ്റാഹീമിനോട് അല്ലാഹു കൽപിച്ചു: പ്രദക്ഷിണം ചെയ്യുന്നവർക്കും നിന്നു നമസ്കരിക്കുന്നവർക്കും നമിക്കുന്നവർക്കും സാഷ്ടാംഗം പ്രണാമം ചെയ്യുന്നവർക്കുമായി എന്റെ ഭവനം ശുദ്ധീകരിച്ചുവെക്കണം -22:26).

وَأَوْحَيْنَآ إِلَىٰ مُوسَىٰ وَأَخِيهِ أَن تَبَوَّءَا لِقَوْمِكُمَا بِمِصْرَ بُيُوتًا وَٱجْعَلُوا۟ بُيُوتَكُمْ قِبْلَةً وَأَقِيمُوا۟ ٱلصَّلَوٰةَ وَبَشِّرِ ٱلْمُؤْمِنِينَ

(മൂസായെയും സഹോദരനെയും നാം ബോധനം ചെയ്തു: സ്വജനത്തിന് മിസ്റിൽ കുറേ മന്ദിരങ്ങളൊരുക്കിക്കൊടുക്കുക, നിങ്ങളുടെ മന്ദിരങ്ങളെ ഖിബ്ലയാക്കി നമസ്കാരം നിലനിർത്തുക. സത്യവിശ്വാസികൾക്ക് സുവിശേഷം നൽകുക -10:87).

മൂസാ നബിക്കുശേഷം യഹൂദർ വ്യാപകമായി നമസ്കാരാലയങ്ങൾ സ്ഥാപിച്ചു തുടങ്ങി. സിനഗോഗുകൾ എന്നാണ് അതറിയപ്പെടുന്നത്. ഈസാ നബിക്കുശേഷം ക്രൈസ്തവർ സ്ഥാപിച്ച പള്ളികൾ ചർച്ച് എന്നറിയപ്പെടുന്നു.

നമസ്കാരം പോലെ, ഉള്ളവരുടെ ധനത്തിൽ ഇല്ലാത്തവരെ പങ്കാളികളാക്കുന്ന ദാനധർമവും ആരംഭം മുതലേ ഇസ്ലാമിന്റെ അടിസ്ഥാന പ്രബോധനമാണ്. وَأَنفَقُوا۟ مِمَّا رَزَقْنَٰهُمْ سِرًّا وَعَلَانِيَةً (നാം അവർക്ക് നൽകിയ വിഭവങ്ങളിൽ രഹസ്യമായും പരസ്യമായും ചെലവഴിച്ചവർ) എന്നാണ് മൂലവാക്യം. ഈ ചെലവഴിക്കലിൽ നിർബന്ധ ദാന-زَكَاة-വും ഐച്ഛിക ദാനവും ഉൾപ്പെടും. ഈ സൂക്തം അവതരിക്കുന്ന കാലത്ത് മുസ്ലിംകളിൽ നിർബന്ധ ദാനം വ്യവസ്ഥാപിതമായി ഏർപ്പെടുത്തിയിരുന്നില്ല. എന്നാൽ ദാനധർമങ്ങൾ ശക്തമായി പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നു. അനാഥരെ ആട്ടിയകറ്റുന്നവരും പാവങ്ങളുടെ പട്ടിണിമാറ്റാൻ പരിശ്രമിക്കാത്തവരും മതനിഷേധികളാണ് എന്ന് പ്രഖ്യാപിക്കുന്ന ഒരു സൂറ തന്നെ മക്കയിൽ അവതരിക്കുകയുണ്ടായി. رَزَقْنَٰهُمْ (നാം നൽകിയ വിഭവങ്ങൾ) എന്നു പറഞ്ഞത് ആഹാര വിഭവങ്ങളെ മാത്രം ഉദ്ദേശിച്ചല്ല. മനുഷ്യ ജീവിതത്തിനാവശ്യമുള്ളതായി അല്ലാഹു നൽകിയിട്ടുള്ള ഭൗതികവും ആത്മീയവുമായ എല്ലാം വിഭവങ്ങളും ഉൾക്കൊള്ളുന്നതാണ് مِمَّا رَزَقْنَا എന്ന വാക്ക്. നമസ്കാരം അല്ലാഹുവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ സ്തംഭമാണ്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ സ്തംഭമാണ് انفاق- അല്ലാഹു നൽകിയ അനുഗ്രഹങ്ങളുടെ വിതരണം. പടച്ചവനോടുള്ള ബന്ധവും പടപ്പുകളോടുള്ള ബന്ധവും കാത്തുസൂക്ഷിക്കാൻ പ്രതിജ്ഞാ ബദ്ധനാണ് മുസ്ലിം. ബുദ്ധിയായാലും വിജ്ഞാനമായാലും പ്രതിഭയായാ

ലും സമ്പത്തായാലും അധികാരമായാലും ഒക്കെയും കൈവശമുള്ളവർ ന്യായമായ രീതിയിൽ അവ അപരർക്ക് പ്രയോജനപ്പെടുത്തണം. അങ്ങനെ മനുഷ്യർ പരസ്പരം സഹായിച്ചും സഹകരിച്ചും ഒരു സംസ്കൃത സമൂഹമാകുന്നു. മനുഷ്യരെ പരസ്പരം തിരിച്ചറിയാൻ പല വംശങ്ങളും ഗോത്രങ്ങളുമാക്കിയതുപോലെ അവരെ പരസ്പരം സഹകരിപ്പിക്കാനും ഒന്നിപ്പിക്കാനും ഒത്തൊരുമിച്ച് പ്രവർത്തിച്ച് ജീവിതം വികസിപ്പിക്കാനും പാകത്തിൽ വൈവിധ്യമാർന്ന കഴിവുകളും വിഭവങ്ങളും അവരിൽ ഏറ്റക്കുറവുകളോടെ വിന്യസിച്ചിരിക്കുകയാണ് അല്ലാഹു. ആരും ആരെയും ഒന്നിനും ആശ്രയിക്കാത്ത, വിഭവങ്ങളുടെയും കഴിവുകളുടെയും കൊള്ളലും കൊടുക്കലും ആവശ്യമില്ലാത്ത മനുഷ്യകുലത്തെ സങ്കൽപിച്ചുനോക്കുക. പരസപരബന്ധമില്ലാത്ത, വികാസ പരിവർത്തനങ്ങൾക്കന്യമായ മണൽതരികൾ പോലെ, ചരൽക്കഷ്ണങ്ങൾ പോലെ മരവിച്ചു കിടക്കുന്ന ഒരു സൃഷ്ടിസമുച്ചയമായിരിക്കും അത്.

മനുഷ്യർ തമ്മിലുള്ള കൊള്ളലും കൊടുക്കലും രഹസ്യമായി നടത്തേണ്ടതും പരസ്യമായി നടത്തേണ്ടതുമുണ്ട്. ജ്ഞാനികൾ രഹസ്യമായി നടത്തേണ്ട ഇടപാടുകൾ രഹസ്യമായിത്തന്നെ നടത്തുന്നു. പരസ്യമായി നടത്തേണ്ടവ അങ്ങനെയും. സമ്പത്തിന്റെ ദാനം രഹസ്യമാക്കുന്നതാണ് പൊതുവിൽ നല്ലത്. ഗുണഭോക്താവിന് ദാതാവിനോടുള്ള ആശ്രിതത്വം മറ്റുള്ളവർ അറിയാതിരിക്കാനും അയാളുടെ അഭിമാനത്തിന് പോറലേൽക്കാതിരിക്കാനും അതാണ് ഉചിതം. ദാതാവിന്റെ ലക്ഷ്യം ദൈവപ്രീതി ഒന്നുമാത്രമാണെന്നതിന്റെ ലക്ഷണവുമാകുന്നു രഹസ്യദാനം. ചില ദാനങ്ങൾ ആരും അറിയാതെ ചെയ്യാനാവില്ല. ജനക്കൂട്ടത്തിൽനിന്ന് സഹായമഭ്യർഥിക്കുന്നവർക്ക് തൽക്ഷണം സഹായം നൽകുന്നത് ഉദാഹരണം. ഒരാളുടെ ധനദാനം മറ്റുള്ളവർക്ക് പ്രചോദനമാകുമെന്നു കാണുമ്പോഴും പരസ്യപ്പെടുത്തണം. സഹായാർഥിക്ക് ആവശ്യമായ സഹായം ലഭിച്ചിരിക്കുന്നു എന്ന് സമൂഹം ഒട്ടും അറിയാത്ത സാഹചര്യം ചില സഹായാർഥികൾ ആളുകളെ ചൂഷണം ചെയ്യാനുള്ള അവസരമായി ഉപയോഗിച്ചേക്കും.

ഇപ്പറഞ്ഞ ചര്യകളനുവർത്തിക്കുന്ന വേദജ്ഞന്മാർ അല്ലാഹുവുമായി ഒരു കച്ചവടത്തിലേർപ്പെട്ടിരിക്കുകയാണ്. ആ കച്ചവടത്തിന് ചരക്കുകളും കടകളും ഗോഡൗണുകളും വേണ്ട. അവരവരുടെ ജീവിതം തന്നെയാണതിന്റെ മൂലധനം. ജീവിതം അല്ലാഹുവിനു വിൽക്കുന്ന കച്ചവടത്തിൽ ഒരിക്കലും നഷ്ടസാധ്യത ഭയപ്പെടേണ്ടതില്ല. ലാഭം ഉറപ്പിക്കുകയും ചെയ്യാം. يَرْجُونَ تِجَٰرَةً لَّن تَبُورَ -തങ്ങൾ തെരഞ്ഞെടുത്ത കർമമാർഗം അർഹിക്കുന്ന പ്രതിഫലം തീർച്ചയായും അല്ലാഹുവിങ്കൽനിന്ന് ലഭിക്കുമെന്ന് അവർക്ക് വിശ്വാസമുണ്ട്. لِيُوَفِّيَهُمْ- അവർക്ക് പൂർണമായി നൽകുന്നതിന്- എന്ന വാക്യത്തെ അല്ലാഹുവിങ്കൽനിന്നുള്ള വാഗ്ദാനമായും കാണാവുന്നതാണ്. അതായത്, ഈ കർമമാർഗം സ്വീകരിച്ചതിന്റെ ഫലമായി അല്ലാഹു അവർക്ക് അർഹിക്കുന്ന പ്രതിഫലം പൂർണമായി നൽകും. അതിനുപുറമെ അവന്റെ ഔദാര്യത്തിൽനിന്ന് കുറേയധികം വേറെയും നൽകും. സജ്ജനങ്ങളുടെ ന്യായമായ കർമഫലത്തിനു പുറമെ കുറേയേറെ അല്ലാഹുവിന്റെ ഔദാര്യമായും നൽകുമെന്ന് ഖുർആൻ പലയിടത്തും പ്രസ്താവിക്കുന്നുണ്ട്. 4:173-ൽ പറയുന്നു:

فَأَمَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ فَيُوَفِّيهِمْ أُجُورَهُمْ وَيَزِيدُهُم مِّن فَضْلِهِۦ

(എന്നാൽ സത്യധർമങ്ങൾ അംഗീകരിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർക്ക് അവരർഹിക്കുന്ന പ്രതിഫലം നൽകുന്നു. അല്ലാഹുവിന്റെ അനുഗ്രഹം വർധിപ്പിച്ചുകൊടുക്കുകയും ചെയ്യും). 24:38-ൽ പറയുന്നു: لِيَجْزِيَهُمُ ٱللَّهُ أَحْسَنَ مَا عَمِلُوا۟ وَيَزِيدَهُم مِّن فَضْلِهِۦ (അവരുടെ ഏറ്റവും നല്ല കർമങ്ങൾക്ക് അല്ലാഹു ന്യായമായ പ്രതിഫലം നൽകാനും അവന്റെ അനുഗ്രഹം വർധിപ്പിച്ചുകൊടുക്കാനും). ഈ അനുഗ്രഹവർധനവിനെ 2:261-ൽ ഇപ്രകാരം വർണിച്ചിരിക്കുന്നു: كَمَثَلِ حَبَّةٍ أَنۢبَتَتْ سَبْعَ سَنَابِلَ فِى كُلِّ سُنۢبُلَةٍ مِّا۟ئَةُ حَبَّةٍ (ഓരോ കതിരിലും നൂറു ധാന്യമണികളുള്ള ഏഴു കതിരുകളിട്ട ധാന്യം പോലെ).

إِنَّهُۥ غَفُورٌ شَكُورٌ എന്ന സമാപനവാക്യം ഒരു സുവിശേഷമാണ്. താൽപര്യം: മനുഷ്യർ എത്ര ജ്ഞാനികളും സാത്വികരുമായാലും ചൊല്ലിലും ചെയ്തിയിലുമൊക്കെ തെറ്റുകുറ്റങ്ങൾ സംഭവിക്കാത്തവരുണ്ടാവില്ല. അടിസ്ഥാനപരമായി സത്യത്തിലും ധർമത്തിലും നിലകൊള്ളുന്നവർ ദുർബല നിമിഷങ്ങളിൽ ചെയ്തുപോയ തെറ്റുകുറ്റങ്ങൾ അല്ലാഹു ഉദാരമായി പൊറുത്തുകൊടുക്കും. പാപങ്ങളിൽ പശ്ചാത്തപിക്കുകയും മാപ്പു തേടുകയും ചെയ്യണം. അടിമകളോട് ഏറ്റവുമധികം അലിവും അനുകമ്പയുമുള്ളവനാണ് അല്ലാഹു. പാപങ്ങളിൽ പശ്ചാത്തപിക്കുകയും മാപ്പു തേടുകയും ചെയ്യാത്തവരും, അവന്റെ അലിവും അനുകമ്പയും അർഹിക്കാത്തവരുമായ പാപികളാണ് ശിക്ഷിക്കപ്പെടുക. പാപങ്ങൾ പൊറുക്കുന്നതോടൊപ്പം പുണ്യങ്ങൾ നന്ദിപൂർവം സ്വീകരിക്കുകയും പ്രതിഫലമരുളുകയും കൂടി അവന്റെ ചര്യയാകുന്നു. അല്ലാഹു അടിമകളോട് നന്ദിയുള്ളവനാവുക എന്നാൽ തന്റെ പ്രീതി മോഹിച്ച് ചെയ്ത കർമങ്ങളുടെ മൂല്യം അംഗീകരിക്കുകയും സംപ്രീതനാവുകയും ചെയ്യുകയാണ്. അതിൽ കനിവിന്റേതല്ലാതെ, കടപ്പാടിന്റേയോ ആശ്രിതത്വത്തിന്റെയോ അംശമില്ല. താൻ പഠിപ്പിച്ചതെല്ലാം യഥാവിധി പഠിച്ച് പരീക്ഷയിൽ ജയിക്കുന്ന വിദ്യാർഥിയോട് അധ്യാപകനുണ്ടാകുന്ന പ്രീതിയും നന്ദിയും പോലെ.

ഈ സൂക്തങ്ങൾ സംസാരിക്കുന്നത് മുഹമ്മദ് നബി(സ)യിലും ഖുർആനിലും വിശ്വസിക്കുന്നവരെക്കുറിച്ചു മാത്രമല്ല; പൂർവ വേദങ്ങളിൽ വിശ്വസിക്കേണ്ടവിധം വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്ന വൈദിക മതവിഭാഗങ്ങളിലെ വിജ്ഞാനികളെക്കുറിച്ചു കൂടിയാണ്. ക്ഷണികമായ ഭൗതികസുഖങ്ങളോ ദേശീയമോ വംശീയമോ ആയ പക്ഷപാതിത്വങ്ങളോ അല്ല, മറിച്ച് വേദജ്ഞാനത്തിൽനിന്നുള്ള പ്രചോദനങ്ങളാണ് അവരെ നയിക്കുക. പൂർവ വേദങ്ങളെ ഈ വിധം, സ്വാർഥതയും മുൻവിധികളുമില്ലാതെ ഉൾക്കൊണ്ട ജ്ഞാനികൾക്ക് മുഹമ്മദ് നബിയെ തള്ളിപ്പറയാനോ ഖുർആനിനെ നിഷേധിക്കാനോ കഴിയില്ല. ഈയൊരു പരിപ്രേക്ഷ്യത്തിലാണ് തുടർന്നുള്ള സൂക്തങ്ങൾ വിന്യസിച്ചിരിക്കുന്നത്. ●

31. നാം നിനക്ക് ദിവ്യബോധനം ചെയ്യുന്ന ഈ വേദമുണ്ട ല്ലോ, അത് പൂര്‍വ വേദങ്ങളുടെ സാക്ഷാത്കാരമായ തികഞ്ഞ സത്യം തന്നെയാകുന്നു. അല്ലാഹു അവന്റെ ദാസന്മാരെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനും എ ല്ലാം ആഴത്തില്‍ കാണുന്നവനുമല്ലോ.

وَٱلَّذِىٓ أَوْحَيْنَآ إِلَيْكَ مِنَ ٱلْكِتَٰبِ هُوَ ٱلْحَقُّ مُصَدِّقًا لِّمَا بَيْنَ يَدَيْهِ ۗ إِنَّ ٱللَّهَ بِعِبَادِهِۦ لَخَبِيرٌۢ بَصِيرٌ ﴿٣١﴾

**31**

وَٱلَّذِىٓ أَوْحَيْنَآ إِلَيْكَ مِنَ ٱلْكِتَٰبِ = വേദത്തില്‍നിന്ന് നാം നിന്നിലേക്കു ബോധനം ചെയ്തത് (നാം നിനക്ക് ബോധനം ചെയ്യുന്ന ഈ വേദമുണ്ടല്ലോ)

هُوَ ٱلْحَقُّ = അത് (തികഞ്ഞ) സത്യം തന്നെയാകുന്നു

مُصَدِّقًا لِّمَا بَيْنَ يَدَيْهِ = അതിന്റെ മുമ്പിലുള്ളതിനെ സത്യപ്പെടുത്തുന്നതായിട്ട് (പൂര്‍വ വേദങ്ങളുടെ സാക്ഷാത്കാരമായ)

إِنَّ ٱللَّهَ بِعِبَادِهِۦ = അല്ലാഹു അവന്റെ ദാസന്മാരെക്കുറിച്ച്

لَخَبِيرٌۢ بَصِيرٌ = സൂക്ഷ്മമായ അറിവുള്ളവനും (എല്ലാം ആഴത്തില്‍) കാണുന്നവനുമല്ലോ

പ്രവാചകനെ സംബോധന ചെയ്തുകൊണ്ട് വേദക്കാരെ ഉദ്ബോധിപ്പിക്കുകയാണ്: അന്ത്യപ്രവാചകന് അവതീര്‍ണമായ ഈ ഖുര്‍ആന്‍ അല്ലാഹു അദ്ദേഹത്തെ നേരിട്ടു പഠിപ്പിക്കുന്ന സത്യവേദം തന്നെയാകുന്നു. പൂര്‍വവേദങ്ങളില്‍ അവയുടെ വാഹകര്‍ വരുത്തിയ ഭേദഗതികളില്‍നിന്നും ഏറ്റപ്പറ്റുകളില്‍നിന്നും മുക്തമായതും അവയില്‍ അവശേഷിക്കുന്ന സത്യങ്ങളെ സാക്ഷ്യപ്പെടുത്തുന്നതുമാണീ വേദം. ഒപ്പം അവയുള്‍ക്കൊള്ളുന്ന സത്യപ്രവചനങ്ങളുടെ സാക്ഷാത്കാരവുമാണീ വേദം. വിശുദ്ധ ഖുര്‍ആനിന്റെ സത്യാത്മകതക്ക് തെളിവായി അത് പൂര്‍വ വേദങ്ങളെ സാക്ഷാത്കരിക്കുന്നതാണ് -مُصَدِّقًا لِّمَا بَيْنَ يَدَيْهِ - എന്ന പ്രസ്താവന നേരത്തേ പലവട്ടം വന്നിട്ടുള്ളതും *ഖുര്‍ആന്‍ ബോധനം* വിശദീകരിച്ചിട്ടുള്ളതുമാകുന്നു. ഉദാ: 2: 41,89,91,97,101, 3: 3,39,50,81. അതിനാല്‍ മുന്‍വേദങ്ങളില്‍ വിശ്വസിക്കുന്ന യഥാര്‍ഥ ജ്ഞാനികള്‍ ഇനി ഈ വേദം സ്വീകരിക്കുകയും അതനുസരിക്കുകയും ചെയ്യേണ്ടതാണ്. പൂര്‍വ വേദങ്ങളുടെ കുറവുകള്‍ തീര്‍ത്ത് പരിഷ്കരിച്ച പതിപ്പാണിത്. അല്ലാഹുവിന് അവന്റെ ദാസന്മാരുടെ ഗതിവിഗതികളെക്കുറിച്ചും നന്മതിന്മകളെക്കുറിച്ചും നന്നായിട്ടറിയാം. ആ അറിവിന്റെ താല്‍പര്യവും കൂടിയാണീ വേദാവതരണം. മുന്‍വേദങ്ങള്‍ വികലമാവുകയും ജനമനസ്സുകളില്‍ നന്മകള്‍ തിന്മകളായും തിന്മകള്‍ നന്മകളായും മാറിമറിയുകയും ചെയ്ത ദശാസന്ധിയില്‍ മാനവകുലത്തില്‍ സംശുദ്ധമായ വേദപ്രമാണങ്ങള്‍ പ്രബോധനം ചെയ്യാന്‍ ദൈവദൂതനെ അയക്കുന്നില്ലെങ്കില്‍ അതിനര്‍ഥം അല്ലാഹു അവന്റെ സൃഷ്ടികളുടെ അവസ്ഥകള്‍ അറിയുന്നില്ലെന്നോ അറിഞ്ഞിട്ടും പരിഗണിക്കുന്നില്ലെന്നോ ആണ്. എന്നാല്‍ അല്ലാഹു അവന്റെ ദാസന്മാരെ തീര്‍ച്ചയായും അതിസൂക്ഷ്മമായി അറിയുകയും കാണുകയും ചെയ്യുന്നുണ്ട്- إِنَّ ٱللَّهَ بِعِبَادِهِۦ لَخَبِيرٌۢ بَصِيرٌ. ആ അറിവിന്റെയും കാഴ്ചയുടെയും താല്‍പര്യം തന്നെയാണീ പ്രവാചക നിയോഗവും വേദാവതരണവും. ●